പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2132 — 15.07.2011-ൽ മറുപടിക്ക്

## കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾ പുതുക്കി നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | കുന്നംകുളം നിയോജകമണ്ഡലത്തിലെ ചാവക്കാട് വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന കുന്നംകുളം ഗവൺമെന്റ് മോഡൽ ഗേൾസ് ഹൈസ്കൂളിന്റെയും കുന്നംകുളം മോഡൽ ബോയ്സ് ഹൈസ്കൂളിന്റെയും കെട്ടിടം 100 വർഷത്തോളം പഴക്കം ചെന്ന് നശിച്ച നിലയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ കാലപ്പഴക്കം ചെന്ന ഈ സ്കൂൾ കെട്ടിടങ്ങൾ പുതുക്കി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) & സി) | 18-01-1996-ലെ സ.ഉ.(എം.എസ്) നം.14/96/പൊവിവ പ്രകാരം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന് ഇത് സംബന്ധിച്ച് ഫണ്ടോ പദ്ധതികളോ നിലവിലില്ല. പ്രസ്തുത കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിന് കുന്നംകുളം മുനിസിപ്പാലിറ്റിയിൽ പ്രധാനാദ്ധ്യാപകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| സി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ